**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ഹേമ കമ്മിറ്റി റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളിന്മേൽ അന്വേഷണം നടത്തുന്നത് സംബന്ധിച്ച്

മി.സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസിലടങ്ങിയ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സജീവപരിഗണനയിലിരിക്കുന്ന ഒന്നാണ്. ആകയാൽ ചട്ടം 52 (7) പ്രകാരം പ്രസ്തുത നോട്ടീസിന് അനുമതി നൽകാൻ ആകില്ലെന്ന് അറിയിക്കുന്നു.

നോട്ടീസിന് അനുമതി നിഷേധിച്ചത് ചെയറാണ്, ഗവൺമെന്റല്ല. നോട്ടീസ് ചെയർ നിഷേധിച്ചാൽ വാക്കൗട്ട് പ്രസംഗം നടത്തുന്നത് പാർലമെന്ററി മര്യാദയല്ല. വാക്കൗട്ട് പ്രസംഗം അനുവദിക്കാനാവില്ല. അങ്ങേയ്ക്കുവേണമെങ്കിൽ വാക്കൗട്ട് നടത്തുന്നതിന് സ്റ്റേറ്റ്മെന്റ് നടത്താം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രസ്തുത വിഷയം ഇവിടെ കൊണ്ടുവരാൻ കാരണം ബഹുമാനപ്പെട്ട സ്പീക്കറാണ്. കാരണം ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ചോദിച്ചപ്പോൾ അങ്ങാണ് പറഞ്ഞത്, ഇത് ചോദ്യത്തിൽ കൊണ്ടുവരേണ്ടതല്ല, അല്ലാതെ സബ്മിഷനായിട്ടോ മറ്റോ കൊണ്ടുവരാൻ. അങ്ങ് പറഞ്ഞതനുസരിച്ച് ഇവിടെ ചോദ്യം അനുവദിക്കാൻ

പാടില്ലായിരുന്നു. ഇതിൽ ധാരാളം പ്രീസിഡൻസുള്ളതാണ്. അതുകൊണ്ടാണ് ഞങ്ങൾ കൊണ്ടുവന്നതാണ്. ഇത് അനുവദിക്കുന്നത് അങ്ങയുടെ വിവേചനാധികാരമാണ്. അതിനെ ഞങ്ങൾ ചോദ്യം ചെയ്യില്ല. പക്ഷേ അങ്ങാണ് പറഞ്ഞത് ഈ വിഷയം അല്ലാതെ കൊണ്ടുവരാമെന്ന്. ഇതുപോലെ സ്ത്രീകളെ ബാധിച്ചിരിക്കുന്ന വിഷയം സഭ ചർച്ച ചെയ്തില്ലെന്ന് പറഞ്ഞാൽ അത് സഭയ്ക്ക് അപമാനകരമാണ്. അങ്ങയുടെ ഈ നടപടിയിൽ ശക്തിയായി ഞങ്ങൾ പ്രതിഷേധിക്കുന്നു. ഗവൺമെന്റ് ഡിഫൻസീവിലാണ് ഇക്കാര്യം. അതുകൊണ്ടാണ് ചർച്ച അനുവദിക്കാതിരുന്നത്. ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)